പദ്ധതിയിൽ ഉൾപ്പെടുത്തി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് മാത്രമേ പാലം നിർമ്മാണത്തിന്റെ അടങ്കലിന് അംഗീകാരം കിട്ടുകയുള്ളൂ. പുതുക്കിയ അടങ്കലിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്നും അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ 18 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

ശബരിമലയിലേക്കുള്ള റോഡുകളുടെ മെയിന്റനൻസിനായി മാറ്റിവച്ചിരിക്കുന്ന തുക

189 (5894) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലേക്കുള്ള ഏതൊക്കെ റോഡുകൾക്ക് എത്ര തുക യാണ് മെയിന്റനൻസിനായി മാറ്റി വച്ചിരിക്കുന്നത് ;

(ബി) ടെൻഡർ നടപടി പൂർത്തിയാക്കിയെങ്കിലും എന്തുകൊണ്ടാണ് പ്രവൃത്തികൾ ആരംഭിക്കാതിരിക്കുന്നത് ;

(സി) ഹെവി മെയിന്റനൻസ് സ്കീമിന്റെ രണ്ടാം ഘട്ടത്തിൽ ഏതൊക്കെ ശബരിമല റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) രണ്ടാംഘട്ട പദ്ധതി ഈ സാമ്പത്തിക വർഷം ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹൈക്കോടതി നിർദ്ദേശിച്ച 17 റോഡുകളും അനുബന്ധ റോഡുകളുമാണ് ശബരിമലയിലേക്കുള്ള മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി ചെയ്യുന്നത്. ഈ വർഷം നോൺ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 475.0 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു :

പത്തനംതിട്ട ഡിവിഷൻ	- 175.0 ലക്ഷം രൂപ
കോട്ടയം	- 175.0 ലക്ഷം രൂപ
കൊല്ലം	- 75.0 ലക്ഷം രൂപ
ഇടുക്കി	- 50.0 ലക്ഷം രൂപ

കൂടാതെ പ്രസ്തുത റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ലഭിച്ച 40.55 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ഹൈക്കോടതി നിർദ്ദേശിച്ച 17 റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഭരണാനുമതി ലഭിച്ച പണികളുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ടെണ്ടറിന് അംഗീകാരം നൽകുന്ന മുറയ്ക്ക് എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികളുടെ കയ്യേറ്റം

190 (5895) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലങ്ങൾ നാളിതുവരെ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ ;

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലങ്ങളുടെയെല്ലാം രേഖകൾ വകുപ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ സൂക്ഷിച്ചുവരുന്നുണ്ടോ ; രേഖകൾ കൈവശമില്ലാത്തതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൈയേറിയ സ്ഥലങ്ങൾ പലതും ഒഴിപ്പിച്ചിട്ടുണ്ട്. ചില കൈയേറ്റങ്ങളെ സംബന്ധിച്ച് നിയമ നടപടികൾ നടക്കുന്നു. പൊതുമരാമത്ത് വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി സർവ്വേ നടത്തി നിരത്തുകളുടെ അതിരുകൾ നിർണ്ണയിച്ചശേഷം മാത്രമേ കൈയേറ്റം സംബന്ധിച്ച വിശദാംശം നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ.

(സി & ഡി) ഭാഗികമായി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന ഭാഗം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള ജോലികൾ നടക്കുന്നു. ബിൽഡിംഗ് ലൈൻ, കൺട്രോൾ ലൈൻ എന്നിവ സംബന്ധിച്ച തീരുമാനം ആകേണ്ടതുണ്ട്.

(ഇ) കൈവശമുള്ള സ്ഥലങ്ങളുടെയെല്ലാം രേഖകൾ പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല. സർക്കാർ സ്ഥലമായതിനാൽ രേഖകൾ റവന്യൂ വകുപ്പിലാണ് സൂക്ഷിക്കുന്നത്. ലാന്റ് റവന്യൂ വകുപ്പിന്റെ കൈവശമുള്ള രേഖകളുടെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വക സ്ഥലങ്ങൾ കൈവശമുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly